# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ എം(പി10)1729/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ എം(പി10)1729/22 തീയ്യതി: 12/12/2022

## എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-09-2022 | 22-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-09-2022 | 22-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സജീവ് എൻ.എം., അസി. ഓഡിറ്റ് ഓഫീസർ
വിജു എം.എസ്., സീനി. ഗ്രേഡ് ഓഡിറ്റർ
ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജേഷ് കെ ജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഗായത്രി എൻവി | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 01-04-2021 | 02-05-2021 |
| പി എ സോമൻ | സെക്രട്ടറി | 03-05-2021 | 28-06-2021 |
| വി പി ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 29-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഗായത്രി എൻ വി | അസി.സെക്രട്ടറി | 01-04-2021 | 13-07-2021 |
| മനു റ്റി പി | അസി.സെക്രട്ടറി | 14-07-2021 | 31-03-2022 |
| റീന റോബർട്ട് | വി ഇ ഒ | 01-04-2021 | 31-03-2022 |
| പുഷ്യ രാജൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഷൈമ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഫെമിന പി. വൈ. | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഷഹന എം | ICDS സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ജിസ്ന ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| സൗമ്യ രമേഷ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| സിജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ജിനു ആനി ജോസ് | മെഡിക്കൽ ഓഫീസർ (FHC) | 01-04-2021 | 31-03-2022 |
| സ്മിത | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല- | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-13 |
| 15 | വാടക- അപാകതകൾ | 1-14 |
| 16 | റണ്ണിംങ് ഫീസ് ഈടാക്കിയില്ല | 1-15 |
| 17 | തനത്ഫണ്ട് അഞ്ച് ബാങ്ക് അക്കൗണ്ടുകളിലായി സൂക്ഷിക്കുന്നു- | 1-16 |
| 18 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ട് - അപാകതകൾ | 1-17 |
| 19 | മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 20 | ടെണ്ടർ ഫോറം വില കുറവായി ഈടാക്കി. | 1-19 |
| 21 | അനർഹമായി ജി.എസ്.ടി നല്കി. | 1-20 |
| 22 | സുഭിക്ഷകേരളം -കരിമീൻ കൃഷി പദ്ധതി നിർവ്വഹണത്തിലെ ന്യൂനത | 1-21 |
| 23 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ | 1-22 |
| 24 | മിശ്രവിവാഹിതർക്കുള്ള ധനസഹായം | 1-23 |
| 25 | ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം | 1-24 |
| 26 | തെരുവുവിളക്കു പരിപാലനം | 1-25 |
| 27 | പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ | 1-26 |
| 28 | വിദ്യാഭ്യാസ അവാർഡ് ദാനം | 1-27 |
| 29 | മാലിന്യ സംസ്കരണം യൂസർഫീ | 1-28 |
| 30 | KSEB- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1-29 |

| | | |
|---|---|---|
| 31 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 1-30 |
| 32 | പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ് | 1-31 |
| 33 | ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-32 |
| 34 | ശ്മശാനം, ആയുർവേദ ആശുപത്രി - മുൻഭാഗം ടൈൽ വിരിക്കൽ -അപാകത | 1-33 |
| 35 | ലൈഫ് ഭവന പദ്ധതി-മൂന്നാം ഘട്ടം -ഭവന സമുച്ചയ നിർമ്മാണം (.എസ്.സി)-പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 36 | ഓഡിറ്റ് ഇംപാക്ട്. | 1-35 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി -രൂ. 6850/- കുറവ് | 2-1 |
| 2 | വാടക കുടിശ്ശിക - രൂ.15,49,729/- | 2-2 |
| ഭാഗം **3** | | |
| 1 | വിദ്യാഭ്യാസ അവാർഡ് ദാനം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ് – സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

സ്ഥാപനത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 25.03.2021-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18.02.2022-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 (1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2021-2022 ലെ പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1,51,19,708 | 20,50,61,729 | 22,01,81,437 | 21,21,68,732 | 80,12,705 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021- 2022 വാർഷിക ധനകാര്യപ്പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2021- 2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക (ഇൻകം & എക്സ്പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 20,50,61,729 | 8,74,15,884 | (-)11,76,45,845 |
| ചെലവ് | 21,21,68,732 | 8,16,65,235 | (-)13,05,03,497 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 11കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 13 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 31.07.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2021-22 വർഷം വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)ധനകാര്യ കമ്മീഷൻ ഗ്രാന്റ് - സംരക്ഷണഗ്രാന്റ് റോഡ്, നോൺ റോഡ് എന്നിവ ലെഡ്ജർ, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ്- പെർഫോർമൻസ് ഗ്രാന്റ് (Unspent Balance), Tied, Untied Grant എന്നിവയുടെ ലെഡ്ജർ, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ൽ ഉൾപ്പെടുത്തിയിട്ടില്ല.

3)KSEB Deposit വർക്കിനായി ചെലവഴിച്ച തുക AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

4)KWA Deposit വർക്കിനായി ചെലവഴിച്ച തുക AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

5) Solid Waste Management - കോർപ്പറേഷന് നല്കിയതുകയിൽ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

6)Audit Recovery വാർഷിക ധനകാര്യപത്രിക പ്രത്യേക ഹെഡ് ഓഫ് അക്കൌണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

7)സ്റ്റേറ്റ് ഗവൺമെന്റ് സെസ് 185868/-രൂപയാണ് യഥാർത്ഥത്തിൽ ചേർക്കേണ്ടത്. എന്നാൽ AFS ൽ 193369/- രൂപയാണ് ചേർത്തിട്ടുള്ളത്.

8) വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് തുകയിൽ 10,000/-രൂപയുടെ വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,38,47,484 |
| വരവ് | 8,74,15,884 |
| ആകെ | 11,12,63,368 |
| ചെലവ് | 8,16,55,235 |
| നീക്കിയിരിപ്പ് | 2,96,08,133 |
| ഓഡിറ്റ് വർഷത്തെ വരവ് നഷ്ടം | 15,56,579 |
| ഓഡിറ്റ് ചെലവിനങ്ങളിലെ നഷ്ടം | 3,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51,40,058 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12653466 | 12653466 | 12638704 | 0 | 14762 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 5002034 | 5002034 | 4499436 | 0 | 502598 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 13200 | 13200 | 0 | 0 | 13200 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5222039 | 5222039 | 4304121 | 0 | 917918 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6412743 | 6412743 | 4142752 | 0 | 2269991 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 3959000 | 3959000 | 1351130 | 2495096 | 112774 |
| ധനകാര്യ കമ്മീഷൻ അവാർഡ് (UnTied) | 0 | 2708638 | 2708638 | 710310 | 1293062 | 705266 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ICDS- 320 100 121 | 420398 | 896545 | 1316943 | 906630 | 410313 | |
| BSUP-320 100 114 | 83870 | 2523 | 86393 | 0 | 86393 | |
| TSC- 320 100 115 | 101720 | 0 | 101720 | 44000 | 57720 | |
| Drinking Water Supply Scheme - 320 100 201 | 40000 | 0 | 40000 | 0 | 40000 | |
| Solid Waste Management - 320 100 203 | 430179 | 0 | 430179 | 0 | 430179 | |
| Jankeeya Bhavana Padhadhi- Central Share - 320 100 299 | 115786 | 3481 | 119267 | 0 | 119267 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| 320 200 305 - പൈകാ ഗ്രാന്റ് | 50000 | 40000 | 90000 | 50000 | 40000 | |
| 320 200 307 - ബയോ ഡൈവേഴ്സിറ്റി ബോർഡ് ഫണ്ട് | 300000 | 0 | 300000 | 0 | 300000 | |
| 320 200 309 - സാക്ഷരതാ മിഷൻ ഫണ്ട് | 3408 | 102 | 3510 | 0 | 3510 | |
| 320 200 316 - പ്രാദേശിക വികസന ഫണ്ട്- എം.എൽ.എ | 40390 | 0 | 40390 | 0 | 40390 | |
| 320 200 319 - സ്വച്ഛ് ഭാരത് അഭിയാൻ - ഖര മാലിന്യ നിർമ്മാർജ്ജനം - സംസ്ഥാന വിഹിതം | 92057 | 0 | 92057 | 0 | 92057 | |
| 320 200 322 - ശുചിത്വ മിഷൻ ഫണ്ട് | 3329853 | 0 | 3329853 | 2748269 | 581584 | |
| 320 200 324 - ശുചിത്വ പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനം | 0 | 458542 | 458542 | 458542 | 0 | |
| 320 200 399 - ഫസ്റ്റ് മീൽ | 450000 | 0 | 450000 | 0 | 450000 | |
| 320 300 103 - സമ്പൂർണ്ണ ശുചിത്വം | 248421 | 170000 | 418421 | 170000 | 248421 | |
| 320 300 199 - RSBY ഗ്രാന്റ് | 581830 | 12072 | 593902 | 0 | 593902 | |
| 320 400 199 - CSR Fund- BPCL - Noonmeal Program | 800470 | 0 | 800470 | 0 | 800470 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 155 | 89425431 | 126 | 43193664 | 41 | 29 | 85 | 54.83 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ:

1) പ്രൊജക്ട് നമ്പർ. 197/21- ഗവൺമെന്റ് / എയിഡഡ് സ്കൂളുകളിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണം

2) പ്രൊജക്ട് നമ്പർ. 206/21- ടേക്ക് എ ബ്രേക്ക് - വില്ലേജ് ഓഫീസ് കൊമ്പൗണ്ടിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണം

3) പ്രൊജക്ട് നമ്പർ. 215/21 – പെരുമന റോഡ് കാന ഫുട് പാത്ത് നിർമ്മാണം

4) പ്രൊജക്ട് നമ്പർ. 143/21 – റോട്ടറി ക്ലബ് കോളനി സബ് റോഡ് കോൺക്രീറ്റിംഗ്, കാന

5) പ്രൊജക്ട് നമ്പർ. 161/21- രേവതി റോഡ്, ചർച്ച് റോഡ് കാന

6) പ്രൊജക്ട് നമ്പർ. 163/21 – ഹോമിയോ ഡിസ് പെൻസറി, ചാത്തുമാസ്റ്റർ റോഡ് കലുങ്ക്

തൻവർഷം അംഗീകാരം കിട്ടിയ മറ്റ് പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നത് അടുത്തവർഷം സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18409 | 217669 | 236078 | 236078 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 7728922 | 7728922 | 7728922 | 0 |
| ആകെ | 18409 | 7946591 | 7965000 | 7965000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2745600 | 1825 |
| വിധവാപെൻഷൻ | 15638200 | 10116 |
| വാർദ്ധക്യകാലപെൻഷൻ | 44830200 | 29976 |
| വികലാംഗപെൻഷൻ | 3839800 | 2483 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 947200 | 600 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,666/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പൊതുമരാമത്ത് പ്രവർത്തികൾ

പഞ്ചായത്ത് നടപ്പാക്കുന്ന ചില മരാമത്ത് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതായി കാണുന്നില്ല. ഉദാ- കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, SC ഫ്ളാറ്റ് നിർമ്മാണം. മരാമത്ത് പദ്ധതികൾ യഥാസമയം വിഭാവനം ചെയ്തതുപോലെ പൂർത്തികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്ററിന്റെ പരിപാലനം

2012-13 മുതൽ 2020-2021 വരെയുള്ള കാലയളവിൽ പഞ്ചായത്ത് ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കാവുന്നതാണ്. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷന്റെ ഭാഗമായി പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനായി സെന്റർ ഫോർ ഇക്കോണമിക് & എൻവയൺമെന്റൽ സ്റ്റഡീസ് എന്ന അക്രഡിറ്റഡ് ഏജൻസിയുമായി കരാർ വെച്ച് തുക അടച്ചിരുന്നു. എന്നാൽ നാളിതുവരെ അതിന്റെ ഫൈനൽ റിപ്പോർട്ട് ലഭ്യമാക്കുകയോ, ആസ്തി മൂല്യങ്ങൾ കൃത്യമായി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി പരമാവധി ഉപയോഗിക്കുന്ന എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് പഞ്ചായത്ത് സൂക്ഷിക്കുന്നത് ഭാവി വികസന സാദ്ധ്യതകൾക്ക് ഉപയുക്തമാക്കാൻ ഉചിതമായിരിക്കും.

പൊതുഭരണസംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, രസീതുകളുടെ ഉപയോഗം, അപേക്ഷകളിന്മേലുള്ള തീർപ്പ് കല്പിക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ പരിപാലനം

1.തൊഴിൽ നികുതി രജിസ്റ്റർ - തൊഴിൽ നികുതി അടവാക്കിയ ജീവനക്കാരുടെ പേര് വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും ചേർക്കുന്നില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ - ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. കൃത്യമായ രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരുത്തേണ്ടതാണ്.

3.പെർമിറ്റ് രജിസ്റ്റർ - പെർമിറ്റ് അപ്രൂവ് ചെയ്തത് സംബന്ധിച്ച് പല വിവരങ്ങളും പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.11.2021 | 2020-21 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2011 | 2010-2011 വരെ | ലഭ്യമല്ല |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷം ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിൽ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലം മൂലം ആകെയുള്ള 17 ഗ്രാമസഭകൾ നിയമ പ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. ഓൺലൈനായും അല്ലാതെയുമായി രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. സ്ഥാപനത്തിന്റെ മുഖ്യവികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്ന രീതിയിൽ ഗ്രാമസഭായോഗത്തിന്റെ കാര്യപരിപാടി രൂപപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭയിൽ പങ്കെടുക്കുന്നവരിൽ നിന്നും അഭിപ്രായങ്ങൾ ആരായുകയും മിനിട്ട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-12 തൊഴിൽനികുതി ഈടാക്കിയിട്ടില്ല-

താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നു. എന്നാൽ അവരിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | ലൈസൻസ് നം. |
|---|---|---|
| 1. | ആംപിൾ എന്റർപ്രൈസസ്, ചേരാനെല്ലൂർ. | 587/2021-22 |
| 2. | ജെ ആന്റ് എൻ ക്രിയേഷൻസ് | 583/2021-22 |
| 3. | അസ്ദ പേൾ | 560/2021-22 |
| 4. | അറേബ്യൻ പാരഡൈസ് | കെട്ടിട നം. 4/361, 4/362 |
| 5. | ആഷ്‌ലി അലൂമിനിയം | 197/2021-22 |

| | | |
|---|---|---|
| 6. | ശ്രീസായ് എൻ്റർപ്രൈസസ് | 195/2021-22 |
| 7. | റൂഫ്കോ ട്രേഡിംഗ് കമ്പനി പ്രൈ. ലി. | 178/2021-22 |
| 8. | ഡോർ ആൻ്റ് ഫ്രെയിം | 174/2021-22 |
| 9. | രാജലക്ഷ്മി പ്രിൻ്റേഴ്സ് | 165/2021-22 |
| 10 | ഓമന ട്രേഡിംഗ് കമ്പനി | 138/2021-22 |

ഇതിനോടനുബന്ധിച്ച് എൻക്വയറി (നം4/16.09.2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥാപനങ്ങളിലെ തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരം അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കാത്തതിനാൽ തൻവർഷം നികുതിയിനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 2 ൽ ഖ.2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-14 വാടക- അപാകതകൾ

1. ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ബൈലോ രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിച്ച് അറിയിക്കേണ്ടതാണ് (2005 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1). കൂടാതെ മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെൻ്റ് (ചട്ടം7(1)) ചമയ്ക്കേണ്ടതും, അതിൽ വാടക കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി മുതലായ അവശ്യവിവരങ്ങളെല്ലാം രേഖപ്പെടുത്തേണ്ടതുമാണ്.

2. 2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, പഞ്ചായത്തിൻ്റെ അധീനതയിലുള്ള, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക തുക 15,49,729/-രൂപ നിലനിൽക്കുന്നു. വിശദവിവരങ്ങൾ ഭാഗം 2-2 ൽ ചേർത്തിട്ടുണ്ട്.

## 1-15 റണ്ണിംങ് ഫീസ് ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നതിൻ്റെ ചട്ടം 8 -ലൈസൻസിനുള്ള കാലാവധി- "ആറാം ചട്ടപ്രകാരം നല്കുന്ന ഏതൊരു ലൈസൻസിൻ്റേയും കാലാവധി ഒരു മുൻതീയതിയിൽ അതിൻ്റെ കാലാവധി അവസാനിക്കണമെന്നും പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതും, അല്ലാത്ത പക്ഷം വർഷത്തിൻ്റെ ഒടുവിൽ അവസാനിക്കുന്നതും ആകുന്നു. എന്നാൽ ഫാക്ടറി, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസുകളെ സംബന്ധിച്ചിടത്തോളം ലൈസൻസിൻ്റെ കാലാവധി 5 വർഷമായി നിജപ്പെടുത്തേണ്ടതും, അങ്ങനെയുള്ള സംഗതികളിൽ III ഉം IV ഉം പട്ടികകൾ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിൻ്റെ 5 ഇരട്ടി മുൻകൂറായി ഈടാക്കേണ്ടതുമാണ്." എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം കുതിരശക്തിയിൽ പ്രവർത്തിക്കുന്നതോ, വൈദ്യുതിയിൽ പ്രവർത്തിക്കുന്നതോ ആയ യന്ത്രങ്ങളുടെ റണ്ണിംങ് ഫീസ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നതിൻ്റെ കാലയളവിൽ അപേക്ഷകരിൽ നിന്ന് പ്രതി വർഷം ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള അപേക്ഷകരിൽ നിന്ന് യന്ത്രങ്ങളുടെ റണ്ണിംങ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചേർക്കുന്നു.

| അപേക്ഷകൻ്റെ പേര്,വിലാസം | വാർഡ്, കെട്ടിട നം | സ്ഥാപനം | എച്ച്.പി | ഈടാക്കേണ്ട ഫീസ് | ലൈസൻസ് നം തീയതി |
|---|---|---|---|---|---|
| ശ്രീ.ദിനേഷ് കുമാർ, 64/2639 സെൻ്റ് ബനഡിക്ട് റോഡ്, എറണാകുളം നേർത്ത് | IX/662 | ലോൺട്രി | 50 എച്ച്.പി | 500 | 381/21-22 |
| ശ്രീ.മുരളി വി.എം, വേണാട്ട് ചേരാനല്ലൂർ | V/451 | പ്ലാസ്റ്റിക് മോൾഡിംങ് വർക്ക്സ് | 12എച്ച്.പി | 120 | 250/21-22 01.04.2021 |
| ശ്രീമതി.ലിസി ഐസക് ചൂണ്ടാട്ട്, പാടിവട്ടം. ഇടപ്പള്ളി | VII/521 | ഇലക്ട്രിക്കൽ പാനൽബോർഡ് | 25.5എച്ച്.പി | 260 | 267/21-22 01.04,2021 |

| | | | | | |
|---|---|---|---|---|---|
| ശ്രീ.സുനീത് ചന്ദ്രൻ ചന്ദ്രായലം, ചേരാനല്ലൂർ | VII/137 A | കേക്ക് നിർമ്മാണം | 10എച്ച്.പി | 100 | 152/21-22 01.04.2021 |
| ശ്രീമതി.മേഴ്സി പോൾ ഊരകത്ത്, ചേരാനല്ലൂർ | II/114 | ഫ്ലവർ മിൽ | 5എച്ച്.പി | 50 | 589/21-22 11.01.2022 |
| ശ്രീ.റഫീഖ്, കണ്ടേക്കാട്ട് അണ്ടത്തോട് | XVI/11 | കേക്ക് നിർമ്മാണം | 13എച്ച്.പി | 130 | 424/21-202.08.2021 |
| ശ്രീ.കെ.ജി.വിജയൻ കളങ്ങരപ്പറമ്പിൽ ഇടയക്കുന്നം | VII/50 | ഫ്ലവർ മിൽ | 5എച്ച്.പി | 50 | 225/21-22 01.04.2021 |
| ആകെ | | | | 1210 | |

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ 5 HP യ്ക്ക് മുകളിലുള്ളത് മാത്രമാണ്. അതിന് താഴെ HPയുള്ള യന്ത്രങ്ങൾ പരാമർശത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് യന്ത്രങ്ങളുടെ റണ്ണിംങ് ഫീ ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 16.09.2022 ൽ നല്കിയ 60ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 1210 രൂപ ഈടാക്കി രസീത് സഹിതം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. മേൽ പരാമർശിത സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും റണ്ണിംങ് ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതു്.

## 1-16 തനത്ഫണ്ട് അഞ്ച് ബാങ്ക് അക്കൗണ്ടുകളിലായി സൂക്ഷിക്കുന്നു-

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലായെന്നും തനത് വരുമാനം ട്രഷറി അക്കൌണ്ടിനു പുറമേ ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൌണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത്ഫണ്ട് അഞ്ച് ബാങ്ക് അക്കൗണ്ടുകളിലായി (SBT Own Fund A/C No 67381677048, HDFC BANK OWN FUND, Nationalised Bank - Own Fund_9, Co-operative Bank - Own Fund_1-2410, Co-operative Bank - Own Fund_2 -365) സൂക്ഷിക്കുന്നു. നിയമാനുസൃതമായി തനത് ഫണ്ട് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ട് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 196/21-22 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം |
| അടങ്കൽ തുക | രൂ.378000/- (പ്ലാൻ ഫണ്ട്- 189000/-, ഗുണഭോക്തൃവിഹിതം- 189000/-) |
| ചെലവ് | രൂ.349200/-(പ്ലാൻ ഫണ്ട്- 189000/-, ഗുണഭോക്തൃവിഹിതം- 160200/-) |

ബിൽ നം./തീയതി/തുക189000/- (പ്ലാൻ ഫണ്ട്)
3/21-22/18.03.22, രൂ.115800/-
5/21-22/18.03.22, രൂ.44400/-
7/21-22/30.03.22, രൂ. 28800/-

ടി പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥയായ വെറ്ററിനറി സർജൻ, 315 ഗുണഭോക്താക്കളിൽ നിന്നും, ഒരാൾക്ക് 10 കോഴി വീതം നൽകുന്നതിനായി രൂ.600/- വീതം, രസീത് ബുക്ക് നം. 16339, 16340, 63440, 63441, എന്നിവ പ്രകാരം 2022 മാർച്ച് മാസത്തിൽ, ഗുണഭോക്തൃവിഹിതമായി, 1,89,000/- രൂപ (315 X 600 =189000/-) പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പദ്ധതി ചെലവ് രേഖ പ്രകാരം 160200/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത 189000/- രൂപയിൽ, ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന 28800/- രൂപയുടെ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (നം.21/20.09.2022)മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ വെറ്ററിനറി സർജൻ കൈപ്പറ്റിയ 189000/- രൂപയിൽ, ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന 28800/- രൂപയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി പദ്ധതിയിൽ പൗൾട്രി ഫാമിൽ നിന്നും മുട്ടക്കോഴി വാങ്ങുന്നതിനായി ചെലവഴിച്ചിരിക്കുന്ന മുഴുവൻ തുകയുടേയും കൃത്യമായ ഇൻവോയ്സും, തുകയുടെ കൈപ്പറ്റ് രസീതും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

1-18 മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം , പേര് | എസ് 0012/2021, പാലിയേറ്റീവ് കെയർ പ്രോഗ്രാം മരുന്ന വാങ്ങൽ |
| അടങ്കൽ ഫണ്ട് | 555040, വികസന ഫണ്ട് (പൊതുവിഭാഗം)<br>123666, മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം<br>ആകെ അടങ്കൽ 678706 |
| ചെലവ്, തീയതി, ബിൽ നം | 35230, 10.06.2021, ബിൽ നം. 2111015201290011081 1 |
| | 26830, 13.07.2021,ബിൽ നം. 2111015201290017377 8 |
| | 30430, 18.08.2021,ബിൽ നം. 2111015201290024714 1 |
| | 31020, 18.08.2021,ബിൽ നം. 2111015201290037657 4 |
| | 27810, 04.10.2021,ബിൽ നം. 2111015201290047036 9 |
| | 238140, 29.10.2021,ബിൽ നം.211101520129005626 60 |
| | 32530, 04.01.2022,ബിൽ നം.211101520129008443 56 |
| | 32870, 13.12.2021,ബിൽ നം. 2111015201290075586 9 |
| | 32930, 04.02.2022,ബിൽ നം.211101520129010299 80 |
| | 32230, 08.03.2022,ബിൽ നം.211101520129012401 95 |
| | 32410, 27.03.2022, ബിൽ നം. 211101520129014603 92 |
| | 47560, 27.03.2022, ബിൽ നം.211101520129014604 03 |
| ആകെ ചെലവ് | 5,99,990/-രൂ. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി,ചേരാനല്ലൂർ |

ചേരാനല്ലൂർ,എഫ്.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനല്ലൂർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്,തിരുവനന്തപുരം 11.08.2021 ൽ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് PRF-1622 പ്രകാരം ട്രഷറിയിൽ നിന്ന് 205030/- രൂപ മുൻകൂറായി (ആകെ ചെലവ് 599990/-) മാറി സ്ഥാപനത്തിന്റെ 3624001800000019 എന്ന അക്കൗണ്ട് നമ്പറിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിൽ നിന്ന് മരുന്ന് ലഭ്യമായതിന്റെ ബില്ലുകളോ, മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.09.2022 ൽ നല്കിയ 30ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമായിട്ടില്ലെന്നും, മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കാമെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത മരുന്ന് ലഭ്യമാക്കി ബില്ല് സഹിതം ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 205030/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ടെണ്ടർ ഫോറം വില കുറവായി ഈടാക്കി.

ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ "മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും നല്കൽ " (പ്രോജക്ട് നം 19/21-22) എന്ന പദ്ധതിക്കായി 200000 രൂപ അടങ്കൽ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ ആയതിന്റെ ടെണ്ടർ ഫോറം വിലയായി 224/- (200 +12% Gst) രൂപ മാത്രമാണ് വാങ്ങിയിട്ടുള്ളത്. 28.09.2015 ലെ ഫിനാൻസ് വകുപ്പിന്റെ സർക്കാർ ഉത്തരവ് നം (പി) 429/2015 പ്രകാരം 50000 ന് മുകളിൽ 10 ലക്ഷം വരെ എസ്റ്റിമേറ്റിന്റെ 0.2% ( മിനിമം 500ഉം മാക്സിമം 2000രൂപയും) രൂപയും ടെണ്ടർ ഫോറം വിലയായി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ആയത് പ്രകാരം ടെണ്ടർ ഫോം വിലയായി ഈടാക്കിയതിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ടെണ്ടർ ഫോറം വിലയായി ഈടാക്കി യത് (Gst 12% ഉൾപ്പെടെ) | രസീത് നം, തീയതി | ഈടാക്കേണ്ടിയിരുന്ന ടെണ്ടർ ഫോറം വില + Gst 12% | നഷ്ടം |
|---|---|---|---|---|
| എം.എസ്. ഇമ്മാനുവേൽ ബോട്ട് വർക്ക്സ് യാർഡ് അറയ്ക്കൽ, സൗത്ത് ചെല്ലാനം | 224 | 48233 (ബുക്ക് നം) രസീത് നം.2 തീ.20.10.2021 | 560 | 336 |
| ശ്രീ.സി.എ.ജോസഫ് ചെക്കങ്ങൽ സൗത്ത് ചെല്ലാനം | 224 | 48233 (ബുക്ക് നം) രസീത് നം.4 തീ.20.10.2021 | 560 | 336 |

| | | | | |
|---|---|---|---|---|
| ശ്രീ.ടി.ജെ.സേവ്യർ തെക്കേക്കളത്തുങ്കൽ സൗത്ത് ചെല്ലാനം | 224 | 48233 (ബുക്ക് നം) രസീത് നം.5 തീ.20.10.2021 | 560 | 336 |
| ആകെ | | | | 1008 |

മേൽ പരാമർശിച്ചിട്ടുള്ള പ്രകാരം തുക കുറവായി ഈടാക്കിയതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 19/09/2022 ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടെണ്ടർ ഫോമിനത്തിൽ നഷ്ടം വന്ന 1008 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി ആയതിന്റെ രസീത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 അനർഹമായി ജി.എസ്.ടി നല്കി.

| പ്രോജക്ട് നം, പേര് | എസ് 0010/21-22, അങ്കണവാടി പോഷകാഹാരം |
|---|---|
| അടങ്കൽ, ഫണ്ട്, ചെലവ് | 1) 1960095 വികസന ഫണ്ട് (പൊതുവിഭാഗം) 1960095 (ചെലവ്)<br>2) 1000000 കേന്ദ്രഫണ്ട് 595299 (ചെലവ്)<br>3) 742000തനത് ഫണ്ട്.742000 (ചെലവ്)<br>ആകെ അടങ്കൽ 3702095<br>ആകെ ചെലവ് 3297394 |
| ബിൽ നം,തീയതി | ബിൽ നം 01/21-22, തീ 23.07.2021, തുക 234526<br>ബിൽ നം02/21-22, തീ 01.10.2021, തുക 326234<br>ബിൽ നം06/21-22, തീ 01.11.2021, തുക 454117<br>ബിൽ നം07/21-22, തീ 23.11.2021, തുക 92992<br>ബിൽ നം08/21-22, തീ 23.11.2021, തുക 280346<br>ബിൽ നം09/21-22, തീ 23.11.2021, തുക 88282<br>ബിൽ നം15/21-22, തീ 22.02.2022, തുക 111504<br>ബിൽ നം19/21-22,തീ 21.03.2022, തുക 272094<br>ചെക്ക് നം.6832760 തീ 19.02.2022 തുക 85399<br>ചെക്ക് നം.6832734 തീ 24.08.2021 തുക 456432<br>ചെക്ക് നം.6832756തീ 19.01.2022 തുക 383745<br>ചെക്ക് നം.6832762 തീ 22.02.2022 തുക 206175<br>ചെക്ക് നം.6831771തീ 19.03.2022 തുക 233983<br>ചെക്ക് നം.0711831 തീ 04.12.2021 തുക 38823<br>ചെക്ക് നം.013986 തീ 22.03.2022 തുക 29299<br>ചെക്ക് നം.6832771തീ 19.03.2022 തുക 3443 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ഇടത്തല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ് (Common Facility Centre Edathala). കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017 ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | ബിൽ തുക | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 004/21.04.21 | 119560 | 5978 |
| 2 | 017/ 31.05.21 | 100800 | 5040 |
| 3 | 024/24.06.21 | 116865 | 5843 |
| 4 | 036/26.07.21 | 87990 | 4400 |
| 5 | 051/26.08.21 | 101675 | 5083 |

| | | | |
|---|---|---|---|
| 6 | 060/20.09.21 | 86520 | 4326 |
| 7 | 070/23.10.21 | 94815 | 4740 |
| 8 | 086/23.11.2021 | 82950 | 4147.50 |
| 9 | 116/29.12.2021 | 98490 | 4924.50 |
| 10 | 123/12.01.2022 | 86520 | 4326 |
| 11 | 138/15.02.2022 | 99715 | 4985.75 |
| | ആകെ | | 53793.75 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി. കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 20.09.2022 ൽ നല്കിയ 24ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് കൂടുതൽ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതുള്ളതിനാൽ അമൃതം ന്യൂട്രിമിക്സുമായി ബന്ധപ്പെട്ട എല്ലാ ബില്ലുകളിൽ നിന്നും ജി.എസ്.ടി. നൽകുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ 18/08/2021 ലെ ഐസിഡിഎസ് ബി3/13220/21 നമ്പർ കത്ത് മുഖാന്തരം നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഈ നിർദ്ദേശം പ്രസ്തുത വകുപ്പിലെ ബില്ലുകൾ സമയബന്ധിതമായി മാറുന്നതിനുള്ള നിർദ്ദേശമായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ജി.എസ്.ടി. ഇനത്തിൽ അധികം നല്കിയ തുക തിരികെ ലഭ്യമാക്കി ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

1-21 സുഭിക്ഷകേരളം -കരിമീൻ കൃഷി പദ്ധതി നിർവ്വഹണത്തിലെ ന്യൂനത

| ബിൽ നം. | തുക |
|---|---|
| 6832727/22.07.2021 | 119168/- |

പദ്ധതി നം. 139/21-22

അടങ്കൽ : സംസ്ഥാനം.80000 തനത് ഫണ്ട് 160000, മറ്റുള്ളവ - 360000 ആകെ അടങ്കൽ 600000/- ചെലവ് :119168/-(തനത് ഫണ്ട്)

നിർവ്വഹണം : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്.

സ.ഉ.(കൈ)22/2018 ത.സ്വ.ഭ.വ, 14.02.2018,സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതി ഉത്തരവ് സ.ഉ (സാധാ) നം. 1009/2020/ത.സ്വ.ഭ.വ. 29.05.2020 ലെ 4.5.4 ക്ലോസ് പ്രകാരമുള്ള കരിമീൻ മത്സ്യ കൃഷിയുടെ മൂലധന ചെലവിന്റെയും പ്രവർത്തന ചെലവിന്റെയും ആകെയുള്ള യൂണിറ്റ് ചെലവിന്റെ (പൊതുവിഭാഗം) 40 ശതമാനത്തിന്റെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. പ്രസ്തുത ഉത്തരവിൽ മൂലധന ചെലവിന്റെയും പ്രവർത്തന ചെലവിന്റെയും പരമാവധി അനുവദിക്കാവുന്ന നിരക്കും ആകെ യൂണിറ്റ് ചെലവും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത പ്രകാരം മൂലധന ചെലവിന്റേയും പ്രവർത്തന ചെലവിന്റേയും 40% തുകയും തദ്ദേശസ്ഥാപനം തന്നെയാണ് വഹിച്ചിട്ടുള്ളത്. ആകെയുള്ള യൂണിറ്റ് ചെലവിന്റെ (പൊതുവിഭാഗം) 40 ശതമാനത്തിന്റെ മൂന്നിൽ ഒന്ന് സബ്സിഡി വഹിക്കേണ്ടത് ഫിഷറീസ് വകുപ്പാണ്. എന്നാൽ ആതയ് ഫിഷറീസ് വകുപ്പ് നല്കിയിട്ടുള്ളതായി കാണുന്നില്ല. തുക അനുവദിച്ചതിന്റെ വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മൂലധന ചെലവിന്റെ 40%(A) | പ്രവർത്തന ചെലവിന്റെ 40%(B) | ആകെ (40% സബ് സിഡി) | ഫിഷറീസ് (മൂന്നിൽ ഒന്ന് തുക) വകുപ്പ് അനുവദിക്കേണ്ട സബ്സിഡി | തദ്ദേശ സ്ഥാപനം നല്കേണ്ടുന്ന സബ്സിഡി |
|---|---|---|---|---|---|---|
| 1 | ശ്രീ.ജിജിത്ത് ജോർജ്, ഇമ്മട്ടി ചേരാനല്ലൂർ | 26000 | 13984 | 39984 | 13328 | 26656 |
| 2 | ശ്രീ മഹേഷ്.വി.എം വേണാട്ട് വീട്ടിൽ ചേരാനല്ലൂർ | 26000 | 13984 | 39984 | 13328 | 26656 |
| 3 | ശ്രീ.സെബാസ്റ്റ്യൻ.കെ.ജെ കട്ടിക്കാട്ട് വീട്, മണിമൂപ്പൻ റോഡ്, വടുതല.പി.ഒ | 25224 | 13984 | 39208 | 13070 | 26138 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 77224 | 41952 | 119176 | 39726 | 79450 |

മാർഗ്ഗരേഖ പ്രകാരം ആകെ യൂണിറ്റ് ചെലവിന്റെ 40 ശതമാനത്തിന്റെ മൂന്നിൽ ഒരു ഭാഗമാണ് ഫിഷറീസ് വകുപ്പ് വഹിക്കേണ്ടത്. എന്നാൽ ഇതിനാവശ്യമായ മൊത്തം യൂണിറ്റ് ചെലവ് തുക വിഭജിച്ച് അനുപാതം കണക്കാക്കിയാൽ 39726/-രൂപ ഫിഷറീസ് വകുപ്പ് വഹിക്കേണ്ടതാണ്. മേൽ ന്യൂനത സംഭവിക്കാനിടയായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 19/09/2022 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഫിഷറീസ് വകുപ്പിൽ അനുവദിക്കേണ്ടതായ തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്. ആയതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച തുകയായ 39726/- രൂപ വ്യക്തമായ വിശദീകരണം നല്കുന്നത് വരെ തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4.5 –ൽ പറഞ്ഞ പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നും ഉള്ള ഉത്തരവിലോ, മാർഗ്ഗനിർദ്ദേശങ്ങളിലോ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വ്യത്യസ്തമായ നിർദ്ദേശങ്ങളുണ്ടെങ്കിൽ ആയത് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

### 1-22 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ടിന്റെ നം/ വർഷം | 24/21-22 |
| അടങ്കൽ തുക / ഫണ്ട് | 2,50,000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 2,50,000/- രൂപ., ബിൽ നം 84/തീയതി 4.12.2021 |

2021-22 വർഷം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി 2,50,000/- രൂപ ചെലവഴിച്ചെങ്കിലും 86,420/- രൂപയുടെ മരുന്നു മാത്രമാണ് ലഭിച്ചത്. ബാക്കി തുകയ്ക്കുള്ള (1,63,580/-) മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ മരുന്നുകൾ ലഭിക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

### 1-23 മിശ്രവിവാഹിതർക്കുള്ള ധനസഹായം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മിശ്രവിവാഹിതർക്കുള്ള ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 141/21-22 |
| അടങ്കൽ തുക / ഫണ്ട് | 75,000/- രൂപ , തനത് ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 75,000/- രൂപ ചെക് നം 6832751/തിയതി 14.12.2021 |

2021-22 വർഷം മിശ്രവിവാഹിതർക്കുള്ള ധനസഹായം എന്ന പ്രോജക്ടിനായി 75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മിശ്രവിവാഹിതർക്കുള്ള ധനസഹായം നല്കുന്നതിനായി ജനറൽ വിഭാഗത്തിനായി രണ്ട് ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഷിൽന ജോസഫ് എന്ന വ്യക്തിയ്ക്ക് തുക നല്കിയ രേഖകൾ പരിശോധിച്ചതിൽ വരുമാന സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. വരുമാന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. കൂടാതെ ടിയാൾ കടമക്കുടി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന വ്യക്തിയായതിനാൽ ആ ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക 75,000/- രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് 16.09.2022ൽ 8-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

### 1-24 ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം

2021-22 വർഷം ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 27,79,700/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | വൌച്ചർ നം | തുക | ചെക് നം, തീയതി |
|---|---|---|---|
| 1 | 282/6-21 | 224900 | 383191/14.6.21 |
| 2 | 514/8-21 | 185100 | 499112/6.8.21 |
| 3 | 578/8-21 | 396000 | 499141/18.8.21 |
| 4 | 579/8-21 | 396000 | 499142/18.8.21 |
| 5 | 666/9-21 | 277100 | 607009/17.9.21 |

| | | | |
|---|---|---|---|
| 6 | 897/11-21 | 291400 | 711791/12.11.21 |
| 7 | 1079/12-21 | 285900 | 711839/13.12.21 |
| 8 | 1271/2-22 | 261400 | 86127/7.2.22 |
| 9 | 1413/3-22 | 227900 | 013953/7.3.22 |
| 10 | 1535/3-22 | 234000 | 6832774/24.3.22 |
| | ആകെ | 27,79,700 | |

ഈ തുകയുടെ ചെലവു വിവരം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള പരമാവധി തുക 11ലക്ഷം രൂപയാണ്. (സ.ഉ.(സാധാ.)നം 446/2021/തസ്വഭവ, തീ 15.2.2021). പരമാവധി തുകയെ അധികരിച്ച തുക നല്കുന്നതിനായുള്ള ഉത്തരവ് ഹാജരാക്കിയില്ല.

2)പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല. ക്വട്ടേഷൻ / ടെണ്ടർ നടപടി പാലിച്ചിട്ടില്ല.

3) Kerala Water Audthority യിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി 50 ലക്ഷത്തോളം രൂപ ഡെപ്പോസിറ്റ് വർക്കിനായി നല്കിയിട്ടും കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പോലും പദ്ധതി ഒന്നും നടപ്പാക്കിയിട്ടില്ല.

4) Kerala Water Audthority യുമായുള്ള പൊതുടാപ്പുകളുടെ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട കുടിവെള്ളവിതരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അധികമായി ചെലവഴിച്ച തുക 16,79,700/- തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് 22.09.2022 ൽ 18-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

1-25 തെരുവുവിളക്കു പരിപാലനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കു പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 96/21-22 |
| അടങ്കൽ തുക / ഫണ്ട് | 595687/- രൂപ, മെയിന്റനൻസ് ഗ്രാന്റ്, (NR) |
| ചെലവ് തുക/ബിൽ നം തീയതി | 1) 3,50,000/- രൂപ. ബിൽ നം 26/തീയതി 10.8.21<br>2) 2,45,687/- രൂപ. ബിൽ നം 283/തീയതി 30.3.2022 |

2021-22 വർഷം തെരുവു വിളക്കു പരിപാലനം (AMC) എന്ന പ്രോജക്റ്റിനായി 595687/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 വർഷം ആരംഭിച്ച ഈ പ്രോജക്ടിന്റെ അടങ്കൽ തുക 15 ലക്ഷം രൂപയായിരുന്നു. പദ്ധതിയുടെ ആകെ ചെലവ് 14,61,627/- രൂപ. പ്രോജക്ടിന്റെ ചെലവു വിവരം പരിശോധനയിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

1) റീ ടെൻഡർ നടപടികളിൽ അവ്യക്തത ഉണ്ട്. അതായത് ടെൻഡർ ക്ഷണിച്ച് അംഗീകരിച്ച കരാറിൽ ( AIR MECH Engineers) ഐറ്റം റേറ്റ് പ്രകാരമാണ് തുക ക്വാട്ട് ചെയ്തത്. ആകെ തുക ചേർത്തിട്ടില്ല. അടങ്കൽ തുക( 15 ലക്ഷം രൂപ)നല്കുകയാണ് ചെയ്തത്. അതിനാൽ രണ്ടാമത് കുറവ് തുക (8,96,095/-) ക്വാട്ട് ചെയ്ത സ്ഥാപനത്തേക്കാൾ കൂടുതൽ തുക നല്കിയിട്ടുണ്ട്. ഇപ്രകാരം ഒരു നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2)അംഗീകരിച്ച കരാറിൽ ഐറ്റം റേറ്റ് തുകയും ആകെയുള്ള ബൾബുകൾ/LED തുടങ്ങിയവയ്ക്കനുസൃതമായി തുക കണക്കാക്കിയാൽ ആകെ തുക 11,49,990/- രൂപയാണ് വരുന്നത്. എന്നാൽ ആകെ 15ലക്ഷത്തോളം രൂപ നല്കിയിട്ടുണ്ട്. ഈയൊരു നടപടിയ്ക്കു വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്ക് പരിപാലനത്തിനായി തുക ചെലവഴിക്കുമ്പോൾ വ്യക്തമായ രേഖകളുടെയും സുതാര്യമായ ടെണ്ടർ നടപടികളുടെയും അടിസ്ഥാനത്തിൽ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3)തെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജ് പ്രതിമാസം 3,29,539/-രൂപ അടവാക്കുന്നുണ്ട്. പഞ്ചായത്തിലുള്ള തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായത്തിലുള്ള ബില്ലുകൾ പ്രകാരമല്ല തുക അടവാക്കുന്നത്. മീറ്ററിംഗ് സമ്പ്രദായം അവലംബിക്കുന്നതിനായി തുക നല്കിയിട്ടുണ്ടെങ്കിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

തെരുവു വിളക്കു പരിപാലനം അപാകത സംബന്ധിച്ച 20.9.2022 ൽ 25-ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-26 പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പൊതു സ്ഥലങ്ങളിൽ ക്യാമറസ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 37/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 304000/-രൂപ, തനത് ഫണ്ട്<br>2) 450000/-രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>3) 696000/-രൂപ, സംരക്ഷണഗ്രാന്റ് – റോഡിതരം<br>ആകെ – 14,50,000/- |
| ചെലവ് തുക/ ബിൽ നം തിയതി | 1) 6,96,000/- രൂപ. ബിൽ നം 262/തീയതി 26.3.2022<br>2)263932/- രൂപ. ചെക്ക് നം 6832784/തീ. 27.3.2022 |

2021-22 വർഷം പൊതു സ്ഥലങ്ങളിൽ ക്യാമറസ്ഥാപിക്കൽ എന്ന പ്രോജക്റ്റിനായി 9,59,932/- രൂപ PWD Electrical Sub Division, Trissur ലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുകയുടെ ചെലവു വിവരം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന രേഖകൾ/വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

1) PWD Electrical Sub Division, Trissur- അസി. എൻജിനിയർ തുക കൈപ്പറ്റിയ രസീത്.

2) PWD Electrical Sub Division,Trissur- അസി. എൻജിനിയറുമായുള്ള കരാർ

3) ധനവിനിയോഗസാക്ഷ്യപത്രം

മേൽ സൂചിപ്പിച്ച രേഖകൾ / വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ 21-22 വർഷം ചെലവഴിച്ചതുക 9,59,932/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഇത് സംബന്ധിച്ച് 22.09.2022 ൽ 27-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല)

## 1-27 വിദ്യാഭ്യാസ അവാർഡ് ദാനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിദ്യാഭ്യാസ അവാർഡ് ദാനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 1)156/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 1,34,579/- രൂപ , തനത് ഫണ്ട് |
| ചെലവ് തുക/ ചെക്ക് നം തിയതി | 1) 26,770/-, ചെക്ക് നം 711851/തീയതി 28.12.21<br>2) 7,920/-, ചെക്ക് നം 711858/തീയതി 30.12.21<br>3) 1,180/-, ചെക്ക് നം 711865/തീയതി 3.1.22<br>4) 9,335/-, ചെക്ക് നം 861236/തീയതി 11.1.22<br>5) 85,500/-, ചെക്ക് നം 711857/തീയതി 30.12.21<br>6) 2,124/-, ചെക്ക് നം861247/തീയതി 18.1.22<br>7)1,750/-, ചെക്ക് നം 1750/തീയതി 18.1.22<br>ആകെ 1,34,579/- |

2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ വിദ്യാഭ്യാസ അവാർഡ് ദാനം എന്ന പ്രോജക്റ്റിനായി 1,34,579/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് വിശദാംശം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

1)സ്കൂളിൽ നിന്നും നല്കിയ , കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.

2)വിദ്യാഭ്യാസ അവാർഡ് ദാനം എന്ന പ്രോജക്റ്റ് നടപ്പാക്കുന്നതിനുള്ള ഉത്തരവ്/മാർഗ്ഗരേഖ

3)അവാർഡ് ദാനം ചെയ്തതിൽ 7 പേർ തുക (500 രൂപ വീതം) കൈപ്പറ്റിയതായി രേഖപ്പെടുത്തിയില്ല. തുക തിരികെ ഈടാക്കേണ്ടതു സംബന്ധിച്ച വിശദവിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 മാലിന്യ സംസ്കരണം യൂസർഫീ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യ സംസ്കരണം യൂസർഫീ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 1)93/21-22<br>2)233/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 715310/- രൂപ., ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>2)178827/-രൂപ., ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| ചെലവ് തുക/ ബിൽ നം തിയതി | 1) 715310/- രൂപ. ബിൽ നം 176/തിയതി 2.3.2022<br>2)178827/- രൂപ. ബിൽ നം 193/തിയതി 15.3.2022 |

2021-22 വർഷം മാലിന്യ സംസ്കരണം യൂസർഫീ എന്ന പ്രോജക്ടിനായി 8,94,137/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയുടെ ചെലവു വിവരം പരിശോധിച്ചതിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക ഹാജരാക്കിയില്ല.

1) 2001സെപ്തംബർ മുതൽ മാലിന്യ സംസ്കരണം യൂസർഫീ ഈടാക്കുന്നതു സംബന്ധിച്ച ധാരണാപത്രം(കരാർ)

2) GPS ട്രാക്കിംങ് സിസ്റ്റം ഘടിപ്പിച്ച വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്.

3) വേയിംഗ് മെഷീനിൽ മാലിന്യങ്ങളുടെ അളവ് സംബന്ധിച്ച കമ്പ്യൂട്ടർ പ്രിന്റ്.

4) മാലിന്യങ്ങളുടെ അളവ്, നല്കിയ തുക, കാലയളവ് തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ.

ധനകാര്യപത്രികയിൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 715310/-രൂപയാണ് ചേർത്തിട്ടുള്ളത്. തുക പൂർണ്ണമായും ഉൾപ്പെടുത്താത്തതിന് വിശദീകരണം ഹാജരാക്കിയില്ല.
ഇത് സംബന്ധിച്ച് 19.09.2022 ൽ 17-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് മാലിന്യ സംസ്കരണം നടത്തേണ്ടതാണ്.

## 1-29 KSEB- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | KSEB- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം / വർഷം | 186/21-22 |
| അടങ്കൽ തുക / ഫണ്ട് | 10,87,396/- രൂപ., ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | 10,87,395/- രൂപ, ബിൽ നം 296/തിയതി 30.3.2022 |

2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ KSEB- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിനായി 10,87,395/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയുടെ ചെലവു വിവരം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന രേഖകൾ/വിശദാംശം പരിശോധനയ്ക്ക ഹാജരാക്കിയില്ല.

1) വിനിയോഗസാക്ഷ്യപത്രം.

2) ഈ തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താതെ ചെലവുരേഖയിൽ ഉൾപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കിയില്ല.

3) ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 10,87,395/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് 20.09.2022 ൽ 25-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-30 പൈപ്പ്ലൈൻ എക്സ്റ്റൻഷൻ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം / വർഷം | 218/21-22 |
| അടങ്കൽ തുക / ഫണ്ട് | 3,00,000/- രൂപ., ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | 3,00,000/- രൂപ, ബിൽ നം 295/തിയതി 30.3.2022 |

2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ പൈപ്പ് ലൈൻഎക്സ്റ്റൻഷൻ എന്ന പ്രോജക്ടിനായി 3,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയുടെ ചെലവു വിവരം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന രേഖകൾ / വിശദാംശം പരിശോധനയ്ക്ക ഹാജരാക്കിയില്ല.

1) വിനിയോഗസാക്ഷ്യപത്രം

2)ഈ തുക വാർഷിക ധനകാര്യപത്രികയിലും ചെലവുരേഖയിലും ഉൾപ്പെടുത്താതെ ചെലവുചെയ്തതിന്

വിശദീകരണം ലഭ്യമാക്കിയില്ല.

3) ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച രജിസ്റ്റർ.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് വിധേയമായി 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് 19.09.2022 ൽ നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-31 പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ്

ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് ഇനത്തിൽ 362 പൊതുടാപ്പുകൾക്ക് (ടാപ്പുകളുടെ എണ്ണം കൃത്യമല്ല) 166309/-രൂപ പ്രതിമാസം അടവാക്കുന്നുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ നിന്നും ടാങ്കർലോറി കുടിവെള്ള വിതരണത്തിനായി 27 ലക്ഷത്തോളം രൂപ 21-22 വർഷം ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി കുടിവെള്ളം നല്കാൻ സാധിക്കാത്ത പൈപ്പുകൾ ഒഴിവാക്കി ബാക്കിയുള്ളവയിൽ ജലലഭ്യത ഉറപ്പു വരുത്തി അവയ്ക്ക് മാത്രം വാട്ടർ ചാർജ്ജ് അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-32 ജി.എസ്.ടി ഈടാക്കിയിട്ടില്ല.

2021-22 വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ജി.എൽ.പി.എസ് ചേരാനല്ലൂർ സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം എന്ന പദ്ധതിയിൽ അടങ്കൽ (4,12,000/- രൂപ) മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി/<br>എം ബുക്ക് നം. | മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST(2%) | തുക അനുവദിച്ച വർഷം |
|---|---|---|---|
| ചുറ്റുമതിൽ നിർമ്മാണം ഒന്നാം ഘട്ടം വർക്ക് കോഡ്- AV-276108 | 233919 | 4678.38 | 21-22 |
| ചുറ്റുമതിൽ നിർമ്മാണം രണ്ടാം ഘട്ടം AV-276111 | 172568 | 3451.36 | 21-22 |
| ആകെ | 406487 | 8130 | |

നിയമനുസൃത നികുതികൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നികുതി ഹെഡിൽ അടവാക്കേണ്ടതാണ്.

## 1-33 ശ്മശാനം, ആയുർവേദ ആശുപത്രി - മുൻഭാഗം ടൈൽ വിരിക്കൽ -അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | എസ്.167/22<br>ശ്മശാനം, ആയുർവേദ ആശുപത്രി – മുൻഭാഗം ടൈൽ വിരിക്കൽ |
| അടങ്കൽ | 500000 തനത്ഫണ്ട് |
| ചെലവഴിച്ചത് | 403910 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാറുകാരൻ | ജോസഫ് ലിനേഷ് |
| എഗ്രിമെന്റ് | 16/എഇ/എൽഎസ്ജിഡി/സിഎച്ച്.ആർ/2021-22 /15.11.2022 |
| എം ബുക്ക് | 104/2021-22 |

അസി. എഞ്ചിനിയർ 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ ശ്മശാനത്തിന്റെയും ആയുർവേദ ആശുപത്രിയുടെയും മുൻഭാഗം ടൈൽ വിരിക്കൽ എന്ന പ്രോജക്ടിൽ അളവ് പുസ്തകം ഇനം 1.1 ആയി ചെയ്ത പ്രവൃത്തിയിൽ ടൈൽ വിരിക്കുന്നതിന് ക്വാറിമക്ക് ഉപയോഗിച്ച് 10സെ.മീ കനത്തിൽ ബെഡ് വിരിക്കുന്നതിന് DSR-2016ലെ 16.78.3 Construction Of Granular Sub-base By Providing Close Graded Material Conforming To Specification നിരക്ക് 2701.98/-രൂപയാണ് അനുവദിച്ചത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വിവിധ ടൈൽവിരിക്കൽ പ്രവൃത്തികൾക്കായി 2021-22 സാമ്പത്തിക വർഷം ഒബ്സർവ്ഡ് ഡേറ്റയായി(OD 1605065/2021-22) Construction Of Granular Sub Base By Providing Local Material ഉപയോഗിക്കുന്നതിനുള്ള നിരക്ക് 1639.87/-രൂപയാണ് നൽകിയിരിക്കുന്നത്. മേൽ പ്രവൃത്തിയിൽ 16.78.3 ലെ നിരക്ക് അനുവദിച്ചതിനാൽ താഴെപ്പറയുന്ന തരത്തിൽ അധിക ചെലവ്

വന്നിട്ടുണ്ട്.

| ഇനം | അളവ് | ചെലവഴിച്ചത് | അനുവദനീയമായത് | അധികം നൽകിയത് |
|---|---|---|---|---|
| Construction Of Granular Sub-base | 52.63 | 52.63x2701.98 =142200.99 | 52.63x1639.87 86306.36 | 55894.63 |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒബ്സർവ്ഡ് ഡേറ്റയിലെ നിരക്ക് അനുവദിക്കുകയായിരുന്നെങ്കിൽ 55894.63/-രൂപയുടെ അധിക ചെലവ് ഒഴിവാക്കാവുന്നതായിരുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമറ്റോറിയം കോമ്പൗണ്ടിൽ ടൈൽ വിരിക്കുന്നതിനാൽ ഡി.എസ്.ആർ. നിരക്കും മോർഡിലെ നിരക്കും ഒരുമിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും വിവിധ പദ്ധതികളിൽ ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുന്നതിലെ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

## 1-34 ലൈഫ് ഭവന പദ്ധതി-മൂന്നാം ഘട്ടം -ഭവന സമുച്ചയ നിർമ്മാണം (.എസ്.സി)- പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് വിവരം | എസ്.195/22<br>ലൈഫ് ഭവന പദ്ധതി-മൂന്നാം ഘട്ടം - ഭവന സമുച്ചയ നിർമ്മാണം (എസ്.സി) |
| അടങ്കൽ | 80,00,000/- |
| ചെലവഴിച്ചത് | 629695/- ബിൽ നമ്പർ- 22/2021-22/തീയതി-26.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി എഞ്ചിനീയർ |
| കരാറുകാരൻ | മുഹമ്മദ് നസറുള്ള (വൈറ്റ് പേൾ കൺസ്ട്രക്ഷൻ) |
| എഗ്രിമെന്റ് | 01/എഇ/എൽഎസ്ജിഡി/സിഎച്ച്.ആർ/2020-21 /30.06.2021(സോയിൽ ടെസ്റ്റ്)<br>02/എഇ/എൽഎസ്ജിഡി/സിഎച്ച്.ആർ/2020-21 /30.06.2021(സോയിൽ ടെസ്റ്റ്)<br>03/എഇ/എൽഎസ്ജിഡി/സിഎച്ച്.ആർ/2020-21 /21.12.2021 |
| എം ബുക്ക് | 46/21-22247/2021-22 |

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 4ാം വാർഡിൽ 2015-16 സാമ്പത്തിക വർഷം പട്ടികജാതി ഭവനപദ്ധതിക്കായി ചേരാനല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 525/14-2 നമ്പർ ആയി 4 ആർ 66 ച.മീ സ്ഥലം വാങ്ങിയിട്ടുള്ളതായും ടി സ്ഥലത്ത് 2019-20 വർഷം എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് ഭവനം നിർമ്മിച്ച് പട്ടികജാതി വിഭാഗക്കാർക്ക് നൽകുന്നതിനായി പദ്ധതി തയ്യാറാക്കിയിരുന്നു. ലഭ്യമായ 11 എസ്.സി. കുടുംബങ്ങളിൽ നിന്നും തീരുമാനം 19.02.2020 ലെ 1(10) പ്രകാരം 5 കുടുംബങ്ങളെ തിരഞ്ഞെടുത്തിരുന്നു. മേൽ സ്ഥലത്തേക്ക് 2019 ലെ കേരള പഞ്ചായത്ത് നിയമം പ്രകാരം 1.50 മീറ്റർ വഴി സൗകര്യമുള്ളതിനാൽ 400 ച.മീ. നിർമ്മിക്കുന്നതിനാണ് പഞ്ചായത്ത് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ 5 കുടുംബങ്ങൾക്ക് ബിൽഡപ്പ് ഏരിയ 347.20 ച.മീ ആയി നിജപ്പെടുത്തിയിട്ടുണ്ട്. ബഹുവർഷ പ്രോജക്ട് ആയിട്ടാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 09.09.2021 ൽ വൈസ് പ്രസിഡന്റ് ശ്രീ.ആരിഫ് മുഹമ്മദിന്റെ കത്തിൽ പദ്ധതി നടപ്പിലാക്കേണ്ട സ്ഥലം ചുറ്റുപാടുകളിൽ നിന്നും താഴ്ന്ന പ്രദേശമായതിനാലും 2018ലെ പ്രളയം ബാധിച്ച പ്രദേശമായതിനാലും പ്രസ്തുത സ്ഥലത്തിന്റെ ലെവൽ നിലവിലെ റോഡ് ലെവലിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചിപ്പിച്ച് അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ട്. 29.06.2021 ൽ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ 375 ക്യബിക്ക് മണ്ണ് ഫില്ല് ചെയ്യണമെന്നും ആയതിന് 450000/-രൂപ വരുമെന്നും കാണിച്ചിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതിയുടെ ഫീസിബിലിറ്റി പരിശോധിച്ചതായി കാണുന്നില്ല.

2) 27.01.2021 ലെ 1/6 നമ്പർ കമ്മറ്റി തീരുമാനപ്രകാരം സോയിൽ ടെസ്റ്റ് നടത്തുന്നതിന് ഏറ്റവും കുറവ് കോട്ട് ചെയ്ത മേൽ കരാറുകാരനെ തന്നെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സോയിൽ ടെസ്റ്റ് നടത്തിയതിൽ പൈലിംഗ് അനിവാര്യമായതിനാൽ പൈലിംഗ് ഫൗണ്ടേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതിനാൽ 22.10.2021 ലെ 1(18) നമ്പർ കമ്മറ്റി തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. സോയിൽ ടെസ്റ്റ് നടത്തേണ്ടതിനാലും

ബിൽഡിംഗ് മെറ്റീരിയൽ നിരക്ക് കുത്തനെ കൂടിയതിനാലും വർക്ക് നിർത്തിവെക്കുന്നതും കരാറുകാരന് വന്നിരിക്കുന്ന നഷ്ടം പഞ്ചായത്ത് വഹിക്കുകയും വേണമെന്നും വ്യക്തമാക്കി അസി.എഞ്ചിനിയർക്ക് 10.01.21 കത്ത് നൽകിയിരുന്നു.

4) മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2021-22 സാമ്പത്തിക വർഷം 629695/-രൂപയും 2022-23 സാമ്പത്തിക വർഷം ഓഡിറ്റ് തീയതി വരെ 912362/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ലൈഫ് ഭവനപദ്ധതിക്ക് നിലവിൽ 400000/-രൂപയാണ് ഒരു ഗുണഭോക്താവിന് അനുവദനീയമായത്. എന്നാൽ 6 ഗുണഭോക്താക്കൾക്ക് 8000000/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

5)2020-21 സാമ്പത്തിക വർഷം തുടങ്ങുകയും നാളിത് വരെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കഴിയാതിരിക്കുന്നത് പദ്ധതി സംബന്ധിച്ച് കൃത്യമായ ആസൂത്രണം ഇല്ലാത്തത് മൂലവുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 22.09.2022ൽ 28-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ 629695/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 ഓഡിറ്റ് ഇംപാക്ട്.

അസി. എഞ്ചിനിയർ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ ടേക്ക് എ ബ്രേക്ക്(പൊതു ശൗചാലയം) വില്ലേജ് ഓഫീസ് കോമ്പൗണ്ട് എന്ന പ്രോജക്ടിൽ ഇനം 1.4 ആയി ചെയ്ത പ്രവൃത്തിയിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ചുവർ നിർമ്മിച്ചതിൽ അധിക തുക നൽകി. ഓഡിറ്റ് എൻക്വയറി 22 നൽകിയതിനെ തുടർന്ന് അധികം നൽകിയ 3398/-രൂപ രസീത് നമ്പർ 1220103038/തീയതി 22.09.2022 പ്രകാരം അടവാക്കി.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 തൊഴിൽ നികുതി -രൂ. 6850/- കുറവ്

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ ഈടാക്കിയ തൊഴിൽ നികുതിയിൽ 6850/-രൂപയുടെ കുറവുള്ളതായി കണ്ടെത്തി.

| പേര്/സ്ഥാപനം | 2021-22 ശമ്പളം(രൂ.)/ രസീത് നം. / തീയതി | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത് (രൂ.) | ഈടാക്കിയത് (രൂ.) | കുറവ് ഈടാക്കിയത് (രൂ.) |
| I. ഗവ. ഹോമിയോ ഡിസ്പെൻസറി, ചേരാനെല്ലൂർ. | | | | |
| 1. ലയോണി പി.എ., പാർട്ട് ടൈം സ്വീപ്പർ. | 82324/- 121190101388/01.09.2021 ഒന്നാം അർദ്ധവർഷം. | 750 | 600 | 150 |
| II.ഡി.റ്റി.ഡി.സി. എക്സ്പ്രസ് ലിമിറ്റഡ്, രണ്ടാം അർദ്ധവർഷം, രസീത് നം./തീയതി 121190400046/25.03.2022 | | | | |
| 2. അരുൺജിത്ത് വി.എസ് | 1,11,218/- | 1000 | 750 | 250 |
| 3. അനൂപ്കുമാർ പി.പി. | 1,11,504/- | 1000 | 750 | 250 |
| 4. ഷാബു എ. | 1,06,947/- | 1000 | 750 | 250 |
| 5. രേഖ അനിൽ | 1,10,316/- | 1000 | 750 | 250 |
| 6. വിഷ്ണുപ്രിയ എസ്.കെ. | 1,12,206/- | 1000 | 750 | 250 |
| 7. മിഥുൽ കെ.ജി. | 1,01,490/- | 1000 | 750 | 250 |
| 8. റിമീഷ് ആർ. | 118891/- | 1000 | 750 | 250 |

| | | | | |
|---|---|---|---|---|
| 9. ഷെബിൻ തോമസ് | 87540/- | 750 | 600 | 150 |
| 10. സുമേഷ് കെ. തങ്കപ്പൻ | 112212/- | 1000 | 750 | 250 |
| 11. അശോക് നൈനാൻ | 134586/- | 1250 | 1000 | 250 |
| 12. ഡെന്നീസ് ജോസഫ് | 145286/- | 1250 | 1000 | 250 |
| 13. ജെയ്സൺ പി. ജെയിംസ് | 118918/- | 1000 | 750 | 250 |
| 14. അഭിലാഷ് കെ.ബി. | 94433/- | 750 | 600 | 150 |
| 15. മിഥുൻ ശർമ്മ എം. | 151672/- | 1250 | 1000 | 250 |
| 16. കൃഷ്ണമോഹൻ എസ്. | 119055/- | 1000 | 750 | 250 |
| 17. സജികുമാർ മേലേടത്ത് | 110685/- | 1000 | 750 | 250 |
| 18. ബിപിൻ കെ.മൈക്കിൾ | 125055/- | 1250 | 750 | 500 |
| III. ചിറ്റൂർ ദേവസ്വം, ഒന്നാം അർദ്ധ വർഷം | | | | |
| 19. കെ.ജി. അഖിൽ | 102240/- | 1000 | 750 | 250 |
| 20. ജി. സംഗീത്കുമാർ, | 102240/- | 1000 | 750 | 250 |
| 21. ജി. ഉണ്ണി | 102240/- | 1000 | 750 | 250 |
| 22. എം.എസ്. സതീഷ് | 104400/- | 1000 | 750 | 250 |
| 23. എം.കെ. രാജി | 83160/- | 750 | 600 | 150 |
| IV ചിറ്റൂർ ദേവസ്വം , രണ്ടാം അർദ്ധവർഷം | | | | |
| 24. സച്ചിൻ സുരേഷ് | 110088/- | 1000 | 750 | 250 |
| 25. കെ.എസ്. സീമ | 134640/- | 1250 | 1000 | 250 |
| 26. കെ.പി. അനന്തൻ | 114840/- | 1000 | 750 | 250 |
| 27. പി.പി. വേണുഗോപാൽ | 114840/- | 1000 | 750 | 250 |
| 28. സി.പി. രവീന്ദ്ര പിഷാരടി | 114840/- | 1000 | 750 | 250 |
| | ആകെ | | | 6850 |

തൊഴിൽ നികുതിയിനത്തിൽ കുറവായി ഈടാക്കിയിരിക്കുന്ന തുക, രൂ. 6850/- ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. പഞ്ചായത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

3. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടി അപാകത പരിഹരിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്നതിനോടനുബന്ധിച്ച് എൻക്വയറി (നം.4/16.09.2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 2-2 വാടക കുടിശ്ശിക - രൂ.15,49,729/-

2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, പഞ്ചായത്തിന്റെ അധീനതയിലുള്ള, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി നിലനില്ക്കുന്നു. ഇവരിൽ നിന്നും വാടക കുടിശ്ശിക തുക, ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ വാടക കുടിശ്ശികയായി ചേർത്തിരിക്കുന്നത് 129682/-രൂപ മാത്രമാണ്. വാർഷിക ധനകാര്യപത്രികയിൽ കൃത്യമായ തുകകൾ ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വാടക കുടിശ്ശികയുടെ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേരുവിവരം | പ്രതിമാസ വാടക തുക(രൂ) | വാടക കുടിശ്ശിക |
|---|---|---|---|---|
| ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1. | 12/143 | ഷീല റെജ്ജ, കോളരിക്കൽ | 2060 | 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ. 2060 X 7= 14420/- |
| 2. | 12/144 | ഷീല റെജ്ജ, കോളരിക്കൽ | 2120 | 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെ. 2120 X 6= 12720/- |
| 3. | 12/145 | അഗസ്റ്റിൻ ജോമോൻ | 2830 | 2022 ജനുവരി മുതൽ 2022 മാർച്ച് വരെ. 2830 X 3= 8490/- |
| 4. | 12/145എ | സുധാകരൻ കെ.കെ., കരിമ്പുറത്ത് | 777 | 2021 നവംബർ മുതൽ 2022 മാർച്ച് വരെ. 777 X 5 = 3885/- |
| 5. | 12/148 | സുനിൽകുമാർ പി.ജി., പുളിത്തറ | 2037 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 2037 X 12 = 24444/- |
| 6. | 12/148എ | ജോസഫ് ജിജോ, മാതിരപ്പിള്ളി, വട്ടുതല. | 1000 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 1000 X 12 = 12000/- |
| 7. | 12/152 | ഭവാനി പ്രതീക്ഷ അയൽക്കൂട്ടം | 979 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 979 X 12= 11748/- |
| 8. | 12/153 | അമ്മിണിക്കുട്ടി, വലിയതറ, സൗത്ത് ചിറ്റൂർ. | 2800 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 2800 X 12 =33600/- |
| 9. | 12/153എ | അനിൽ കെ.വി., വിശ്വവിഹാർ, പച്ചാളം. | 2500 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 2500 X 12 = 30000/- |
| 10. | 12/153ബി | ജോസ് പി.എഫ്, പനയ്ക്കൽ, സൗത്ത് ചിറ്റൂർ. | 3100 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 3100 X 12 = 37200/- |
| ഫിഷ് മാർക്കറ്റ് - വാടക | | | | |
| 11. | 1/595 | ജ്ഞനിഷ് വി.വി. വടക്കത്ത് വളപ്പിൽ മലപ്പുറം | 12128 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 12128X 12 = 145536/- |
| 12. | 1/596 | ജ്ഞനിഷ് വി.വി. വടക്കത്ത് വളപ്പിൽ മലപ്പുറം | 12128 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 12128 X 12 = 145536/- |
| 13. | 1/597 | ഹാസിം വി.എം. വഞ്ചിപ്പുരയ്ക്കൽ | 11300 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 11300 X 12 = 135600/- |
| 14. | 1/598 | രാജേഷ് രാമാടി, സൗത്ത് ചിറ്റൂർ | 11650 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 11650 X 12 =139800/- |
| 15. | 1/599 | രാജേഷ് രാമാടി, സൗത്ത് ചിറ്റൂർ | 11650 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 11650 X 12 = 139800/- |

| | | | | |
|---|---|---|---|---|
| 16. | 1/600 | രാജേഷ് രാമാടി, സൗത്ത് ചിറ്റൂർ | 11600 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 11600 X 12 = 139200/- |
| 17. | 1/601 | ഹാസിം വി.എം. വഞ്ചിപ്പുരയ്ക്കൽ | 5050 | 2021 മെയ് മുതൽ 2022 മാർച്ച് വരെ. 5050 X 11 = 55550/- |
| 18. | 1/602 | ജ്യൂനിഷ് വി.വി. വടക്കത്ത് വളപ്പിൽ മലപ്പുറം | 7100 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 7100 X 12 = 85200/- |
| 19. | 1/603 | ജ്യൂനിഷ് വി.വി. വടക്കത്ത് വളപ്പിൽ മലപ്പുറം | 10550 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 10550 X 12 =126600/- |
| 20. | 1/604 | ബാബു ആന്റണി നടുവിലപ്പറമ്പിൽ ചേരാനെല്ലൂർ. | 10100 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 10100 X 12 = 121200/- |
| 21. | 1/605 | ബാബു ആന്റണി നടുവിലപ്പറമ്പിൽ ചേരാനെല്ലൂർ. | 10600 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ. 10600 X 12 = 127200/- |
| | | ആകെ | | 15,49,729/- |

മുകളിൽ പറഞ്ഞിരിക്കുന്നതിനോടനുബന്ധിച്ച് എൻക്വയറി (നം.14/19.09.2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിദ്യാഭ്യാസ അവാർഡ് ദാനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിദ്യാഭ്യാസ അവാർഡ് ദാനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 156/21-22 |
| അടങ്കൽ തുക / ഫണ്ട് | 1,34,579/- രൂപ , തനത് ഫണ്ട് |
| ചെലവ് തുക/ ചെക്ക് നം തിയതി | 1)26,770/-, ചെക്ക് നം 711851/തിയതി 28.12.21<br>2)7,920/-, ചെക്ക് നം 711858/തിയതി 30.12.21<br>3)1,180/-, ചെക്ക് നം 711865/തിയതി 3.1.22<br>4)9,335/-, ചെക്ക് നം 861236/തിയതി 11.1.22<br>5)85,500/-, ചെക്ക് നം 711857/ തിയതി 30.12.21<br>6) 2,124/-, ചെക്ക് നം861247/തിയതി 18.1.22<br>7)1,750/-, ചെക്ക് നം 1750/തിയതി 18.1.22<br>ആകെ 1,34,579/- |

2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ വിദ്യാഭ്യാസ അവാർഡ് ദാനം എന്ന പ്രോജക്ടിനായി 1,34,579/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

1)സ്കൂളിൽ നിന്നും നല്കിയ, കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.

2)വിദ്യാഭ്യാസ അവാർഡ് ദാനം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ഉത്തരവ്/മാർഗ്ഗരേഖ

3)അവാർഡ് ദാനം ചെയ്തതിൽ 7 പേർ തുക (500 രൂപ വീതം) കൈപ്പറ്റിയതായി രേഖപ്പെടുത്തിയില്ല. തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം 10 തീയതി 16.9.2022 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് നൽകാനായി പിൻവലിച്ച തുകയിൽ ഗുണഭോക്താക്കൾക്ക് നല്കാത്ത തുക 3,500/- ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2021-22 | 2021-2022 വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്കുകളുടെ വിവരം 2021-2022

1) നേരിട്ട് ചെലവഴിച്ചത്

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്കിന്റെ പേര് | 2021-22 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,60,000 | ലൈഫ് ഭവന പദ്ധതി-ജനറൽ | 1,60,000 | 0 |
| | 2021-22 | 5,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 5,00,000 | 0 |
| | 2021-22 | 1,38,000 | ഭൂമി വാങ്ങൽ | 1,38,000 | 0 |
| | 2021-22 | 2,00,000 | കട്ടിൽ വിതരണം | 2,00,000 | 0 |
| | 2021-22 | 4,03,208 | മില്ലേനിയം റോഡ് ടൈൽ വിരിക്കൽ | 4,03,208 | |
| | 2021-22 | 3,50,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സഹായം | 3,50,000 | 0 |
| | ആകെ | 17,51,208 | | 17,51,208 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 4,50,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 4,50,000 | 0 |
| | 2021-22 | 2,52,663 | മുണ്ടകപ്പാടം റോഡ് ടാറിംഗ് | 2,52,663 | 0 |
| | 2021-22 | 7,58,154 | പണ്ഡിറ്റ് കറുപ്പൻ റോഡ് ടൈൽ വിരിക്കൽ | 7,58,154 | 0 |
| | ആകെ | 14,60,817 | | 14,60,817 | 0 |

2) പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് തുക | പ്രൊജക്കിന്റെ പേര് | 2020-21 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10,37,434 | SC ഫ്ളാറ്റ് നിർമ്മാണം | 0 | 10,37,434 |
| | 2020-21 | 16,625 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 0 | 16,625 രൂപ ബ്ലോക്ക് പഞ്ചായത്തിലേക്ക് റീഫണ്ട് നല്കി |
| | 2020-21 | 4,62,239 | കട്ടിൽ വിതരണം | 0 | 4,62,239 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 5,500 | Epoc-clearence | 0 | 5,500 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

1)മുൻ വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെപ്പറയും പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി മുൻകൂർ തുക നൽകിയിട്ടുള്ളത് തൻവർഷവും ചെലവഴിച്ചിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ - S202/21 | 22000871 | 129811 | 0 | 129811 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - S141/21 | 22001708 | 899827 | 0 | 899827 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - S132/21 | 22001798 | 200000 | 0 | 200000 |
| | ആകെ | | 1229638 | 0 | 1229638 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാർഡ് 2 വലിയ പറമ്പ് റോഡ് | 22001783 | 66000 | 0 | 66000 |
| | വാർഡ് 2- Fixing Of Drinking Water Pipe Line | 22001784 | 300000 | 0 | 300000 |
| | Varma Road -Refixing Of Pipe Line | 22001803 | 1000000 | 0 | 1000000 |
| | Chittoor Temple Road-Refixing Of Pipe Line | 22001804 | 1000000 | 0 | 1000000 |
| | VVK Valath Road -Refixing Of Pipe Line | 22001805 | 3300000 | 0 | 3300000 |
| | ആകെ | | 5666000 | 0 | 5666000 |
| അനർട്ട് | 20 KV സോളാർ പ്ലാന്റ് സ്ഥാപിക്കൽ | 22001365 | 2188903 | 0 | 2188903 |
| | ആകെ | | 2188903 | 0 | 2188903 |

2)ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെപ്പറയും പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി മുൻകൂർ തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ,തിയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ - 186/21-22 | 296/30.3.2022 | 1087395 | 0 | 1087395 |
| | ആകെ | | 1087395 | 0 | 1087395 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 218/21-22 | 295/30.3.2022 | 300000 | 0 | 300000 |
| | ആകെ | | 300000 | 0 | 300000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം.,തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO ലൈഫ് ഭവനപദ്ധതി | സ.ഉ (സാധാ.) 124/18 , ത.സ്വ.ഭ.വ 11.09.2018 | 991598 | 463598 | 264000 | | 199598 |

പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടകപദ്ധതി വിഹിതം എന്നിവയുടെ സ്രോതസ്സിൽ നിന്നാണ് വായ്പ തിരിച്ചടവ് തുക കുറയ്ക്കുന്നത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ചേരാനെല്ലൂർ സർവീസ് സഹകരണ ബാങ്കിൽ തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിൽ നിന്നും 04.11.2021 ൽ ഒരു വർഷത്തേക്ക് 10725000 /-രൂപ (അക്കൗണ്ട് നം. 009655 )ന് 6.75% ന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,00,000 |
| പലിശ ലഭിച്ചത് | 10,18,855 |
| ആകെ | 1,10,18,855 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,10,18,855 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 122843/- രൂപയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| റിപ്പോർട്ട് | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2019-20 | 2-3 | 1490 | ജെ.എം.ക്ലീനിക്ക് | 121190101194/ 25.08.2021 |
| 2019-20 | 2-3 | 8929 | മാനേജർ,പോപ്പുലർ | 121190101237/ 26.08.2021 |
| 2019-20 | 2-4 | 25 | മുരളീധരൻ.ടി.എൽ | 121190101328/ 31.08.2021 |
| 2019-20 | 2-3 | 2164 | ഡോ.വിഷ്ണു നമ്പൂതിരി | 121190101352/ 31.08.2021 |
| 2019-20 | 2-2 | 3100 | കൊച്ചിൻ സെക്കൂരിറ്റി പ്രസ് ലിമിറ്റഡ് | 121190101654/ 14.0.2021 |
| 2019-20 | 2-4 | 25 | അസി.ജോർജ്ജ് | 121190101654/ 03.08.2021 |
| 2019-20 | 2-4 | 125 | പങ്കജ് ഗുപ്ത | 121190101516/ 08.09.2021 |
| 2019-20 | 2-4 | 25 | ലൂസി ജോസ് | 121190101626/ 13.09.2021 |
| 2019-20 | 2-4 | 25 | അഗസ്റ്റിൻ.എൻ | 121190101637/ 14.09.2021 |
| 2019-20 | 2-4 | 50 | സെബാസ്റ്റ്യൻ.കെ.ജെ | 121190101769/ 17.09.2021 |
| 2019-20 | 1-25 | 60000 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 121190500057/ 20.09.2021 |
| 2019-20 | 2-4 | 125 | അരുൺ രാജ് | 121190101947/ 25.09.2021 |
| 2019-20 | 2-3 | 3600 | എസ്.ബി. ഫാർമസിക്കൂട്ടിക്കൽ ലാബ് | 121191100382/ 21.10.2021 |
| 2019-20 | 3-2 | 2898 | കെ.ജെ.ലൂയിസ് | 121190102532/ 28.10.2021 |
| 2016-17 | 3-5 | 4338 | കെ.ജെ.ലൂയിസ് | 121190103282/ 10.12.2021 |
| 2016-17 | 2-3 | 385 | ഇ.പി.ജോർജ്ജ് | 121190103315/ 13.12.2021 |
| 2016-17 | 2-2 | 1580 | പ്രമീളാ ദേവി | 121190103744/ 22.12.2021 |
| 2014-15 | 2-3 | 16164 | ശ്രീകുമാർ റാണി | 121190103796/ 23.12.2021 |

| | | | | |
|---|---|---|---|---|
| 2014-15 | 2-3 | 1884 | അബ്ദുൾ റഷീദ്.ടി.എ | 121190103827/ 24.12.2021 |
| 2015-16 | 3-2 | 3927 | ജോസഫ് സോബിൻ | 121190104039/ 28.12.2021 |
| 2016-17 | 2-3 | 1034 | ഇന്ദിര ശിവൻ | 121190104578/ 04.01.2022 |
| 2018-19 | 1-16 | 10950 | പോത്തൻ ഓട്ടോസ് പ്രൈ. ലിമിറ്റഡ് | 121190105908/ 18.02.2022 |
| ആകെ | | 122843 | | |

4-8 ചാർജ് – സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവ് വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ എൽസമ്മ കൊയലോയുടെ DCRG യിൽ നിന്നും ഈടാക്കിയ 54,511/- പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കണമെന്ന് കാണിച്ച് പലതവണ ട്രഷറിയിൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ അതിൻമേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,74,15,884 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,16,65,235 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 15,56,579 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 51,40,058 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6850 | | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ , സെക്രട്ടറി |
| 2-2 | 1,21,222 | | ഗായത്രി എൻ.വി., സെക്രട്ടറി ഇൻ ചാർജ് |
| ,, | 2,52,544 | | പി.എ.സോമൻ, സെക്രട്ടറി |
| ,, | 11,75,963 | | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി |
| 3-1 | | 3,500 | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| | 15,56,579 | 3,500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 205030 | ഡോ. ജിനു ആനി ജോസ്, മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി.) |
| 1-21 | 39726 | ശ്രീമതി. സ്മിത.കെ.ബി. ഫിഷറിസ് ഇൻസ്പെക്ടർ |
| 1-22 | 163580 | ഡോ. സിജി, മെഡിക്കൽ ഓഫീസർ ( ഹോമിയോ) |
| 1-23 | 75000 | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-24 | 1679700 | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-26 | 959932 | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-29 | 1087395 | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ ,സെക്രട്ടറി ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-30 | 300000 | ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-34 | 629695 | ശ്രീമതി ഫെമിന പി.വൈ, അസി. എഞ്ചിനീയർ |
| ആകെ | 5140058 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

| | | |
|---|---|---|
| | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തമായ നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.പി.ഉണ്ണിക്കൃഷ്ണൻ , സെക്രട്ടറി. | ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | വാഴവെളിക്കകത്ത്,കെ.കെ.പി റോഡ്,അയ്യപ്പൻക്കാവ്, എറണാകുളം നോർത്ത് 682018 |
| ഗായത്രി എൻ.വി. സെക്രട്ടറി ഇൻ ചാർജ് | സെക്രട്ടറി ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | H.No.148, സ്കൂൾ റോഡ്, Near 6th Cross Road, ഗിരിനഗർ, കടവന്ത്ര, കൊച്ചി – 682020 |
| പി.എ.സോമൻ, സെക്രട്ടറി | റിട്ടയേർഡ് | S/o. പി.പി.അബ്രാഹാം പള്ളിപ്പാടൻ, അല്ലപ്ര പി.ഒ. പെരുമ്പാവൂർ |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തര വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗായത്രി എൻ.വി. സെക്രട്ടറി ഇൻ ചാർജ് | സെക്രട്ടറി ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | H.No.148, സ്കൂൾ റോഡ്, Near 6th Cross Road, ഗിരിനഗർ, കടവന്ത്ര, കൊച്ചി – 682020 |
| പി.എ.സോമൻ, സെക്രട്ടറി | റിട്ടയേർഡ് | S/o.പി.പി.അബ്രാഹാം പള്ളിപ്പാടൻ, അല്ലപ്ര പി.ഒ. |

| | | |
|---|---|---|
| | | പെരുമ്പാവൂർ |
| ശ്രീ.വി.പി. ഉണ്ണിക്കൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | വാഴവെളിക്കകത്ത്, കെ.കെ.പി റോഡ്, അയ്യപ്പൻക്കാവ്, എറണാകുളം നോർത്ത് 682018 |
| ഡോ. ജിനു ആനി ജോസ്, മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി.) | മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി.) | കണിയാംപറമ്പിൽ (H) തോപ്പിൽ, തൃക്കാക്കര പിൻകോഡ്- 682021 |
| ശ്രീമതി.സ്മിത.കെ.ബി. ഫിഷറിസ്ഇൻസ്പെക്ടർ | ഫിഷറിസ് ഇൻസ്പെക്ടർ, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | പറപ്പായി, ഇടയാപുരം , ആലുവ.പി.ഒ 683101 |
| ശ്രീമതി.സിജി മെഡിക്കൽ ഓഫീസർ (ഹോമിയോ) | വടവ് കോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | പരിത്തിച്ചാൽ, പള്ളിച്ചേമ്പേൽ റോഡ്, സംസ്കാര ജംങ്ഷൻ പാലാരിവട്ടം |
| ശ്രീമതി ഫെമിന പി.വൈ. അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ വീട് എടത്തല നോർത്ത് പിൻ – 683561 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |
| 2017-18 | കെ.എസ് എ ഇ കെ.എം (പി10)2198/18/ 06.02-2019 |
| 2018-19 | കെ.എസ് എ ഇ കെ.എം (പി10)1691/19/ 07.11-2019 |
| 2019-20 | കെ.എസ് എ ഇ കെ.എം (പി10)519/2021/31.03.21 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം (പി10) 1949/2021 തീയതി 08.03.2022 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്